"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- അമ്പലപ്പുഴ മോഡൽ ഗവൺമെന്റ് ഹൈസ്കൂളിലെ പി.ഡി ടീച്ചർമാരായിരുന്ന ശ്രീ.തങ്കച്ചൻ ജെ., ശ്രീ.മോഹനദാസ് എസ്., ശ്രീ.രാധാകൃഷ്ണൻ എസ്., മുൻ ഹെഡ് മാസ്റ്റർ ശ്രീ.അബ്ദുൽ റസാഖ് എ. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തുടർ നടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ഡി എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4015/2026/GEDN** തീയതി,തിരുവനന്തപുരം, **17-06-2026**

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി- കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **08/10/2018**ലെ ഇ**6** (പി. ഇ. **18/17**/എ. എൽ. പി)**20551/2017** നമ്പർ കത്ത്
2. **10/02/2020, 20/02/2020** തീയതികളിലെ പൊ.വി.വ./സി **2/21/2019**/പൊ. വി. വ. നമ്പർ കുറ്റപത്രങ്ങളും കുറ്റാരോപണ പത്രികകളും കാരണം കാണിക്കൽ നോട്ടീസും
3. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രികകളും മറുപടിയും
4. സ. ഉ. (സാധാ) നം.**5684/2022/GEDN** തീയതി **29/09/2022**
5. **22/11/2022** തീയതിയിലെ പൊ.വി.വ./സി **2/21/2019**/പൊ. വി. വ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. സ.ഉ.(സാധാ)നം.**1600/2023/GEDN.** തിയതി **27/02/2023**
7. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)ന്റെ **05/12/2023**ലെ വിബി**4/6505/2019/** ഡി.ജി.ഇ. നമ്പർ അന്വേഷണ റിപ്പോർട്ട്

8. 05/11/2024, 22/01/2025, 28/01/2025 തീയതികളിലെ GE-DA1/87/2023-G.EDN നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ
9. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച മറുപടികൾ
10. 29/04/2025 തീയതിയിലെ GE-DA1/87/2023-G.EDN നമ്പർ കാരണം കാണിക്കൽ നോട്ടീസ്

## <u>ഉത്തരവ്</u>

അമ്പലപ്പുഴ മോഡൽ ഗവൺമെന്റ് ഹൈസ്കൂളിലെ 2014-15, 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിലെ ഉച്ചഭക്ഷണ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയതിൽ ടി കാലയളവുകളിലെ ഉച്ചഭക്ഷണ പരിപാടി കാലാകാലങ്ങളിൽ നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചാണ് നടന്നിട്ടുള്ളതെന്നും, അദ്ധ്യയന ദിവസങ്ങളിൽ തയ്യാറാക്കേണ്ടുന്ന കെ-2 രജിസ്റ്ററിൽ ഉച്ചഭക്ഷണം കഴിച്ച കുട്ടികളുടെ എണ്ണം എഴുതണമെന്ന കൃത്യമായ നിർദ്ദേശം ഉണ്ടെങ്കിലും അധ്യയന വർഷാരംഭത്തിൽ അംഗീകരിച്ച് കിട്ടിയ ഫീഡിങ് സ്ട്രെങ്തിന് ആനുപാതികമായി യഥാർത്ഥത്തിൽ കഴിച്ച കുട്ടികളുടെ എണ്ണം പരിഗണിക്കാതെ തെറ്റായ കണക്കുകൾ മേലധികാരിയിൽ സമർപ്പിച്ച് പണം കൈപ്പറ്റിയതായും കണ്ടെത്തിയിരുന്നു. ആയതിനു ഉത്തരവാദികളായ മുൻ ഹെഡ്മാസ്റ്റർമാരായ ശ്രീ.അബ്ദുൽ റസാഖ് ,ശ്രീമതി.പുഷ്പവല്ലി ,നൂൺ ഫീഡിങ് ചാർജ് ഉണ്ടായിരുന്ന പി.ഡി ടീച്ചർമാരായ ശ്രീ. തങ്കച്ചൻ, ശ്രീ. രാധാകൃഷ്ണൻ എന്നിവരിൽ നഷ്ട ഉത്തരവാദിത്തം ഫിക്സ് ചെയ്ത് കണ്ടിജന്റ് ചാർജിനത്തിൽ നൽകിയ അധിക തുക തിരിച്ചു പിടിക്കുന്നതിനും ടി ഉദ്യോഗസ്ഥർക്കെതിരെ ഡിപ്പാർട്ട്മെന്റ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, 31.03.2017ൽ റിട്ടയർ ചെയ്തിട്ടുള്ള നൂൺഫീഡിങ്ങിന്റെ ചാർജ്ജ് ഉണ്ടായിരുന്ന ശ്രീ. മോഹൻദാസിനെതിരെ റൂൾ 3 പാർട്ട് 3 കെ.എസ്.ആർ പ്രകാരം നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് വകുപ്പ് പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം ശ്രീ.അബ്ദുൽ റസാഖ്, ശ്രീമതി പുഷ്പവല്ലി, ശ്രീ.തങ്കച്ചൻ, ശ്രീ.രാധാകൃഷ്ണൻ എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ് സി.സി&എ ചട്ടം 15 പ്രകാരവും ശ്രീ.മോഹനദാസനെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 3 പ്രകാരവും കുറ്റപത്രം & കുറ്റാരോപണ പത്രികയും / കാരണം കാണിക്കൽ നോട്ടീസും നല്കിയിരുന്നു. എന്നാൽ സംഭവം നടന്നു നാലു വർഷം കഴിഞ്ഞിട്ടുള്ളതിനാൽ ശ്രീ. മോഹനദാസിനെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 3 പ്രകാരമുള്ള അച്ചടക്കനടപടി പ്രായോഗികമല്ലെന്നു കണ്ടതിനാൽ മേൽ റൂൾ പ്രകാരം

സർക്കാരിൽ നിന്നും ആരംഭിച്ച അച്ചടക്കനടപടി പരാമർശം (4) പ്രകാരം അവസാനിപ്പിക്കുകയും ടിയാനു കെ.എസ്.ആർ. പാർട്ട് III 59(d) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് പരാമർശം (5) പ്രകാരം നല്കുകയും ചെയ്തിരുന്നു.

3. ടിയാളുകൾ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രിക/മറുപടി തൃപ്തികരമല്ലാഞ്ഞതിനാൽ മേൽ ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾ 15 പ്രകാരവും, പാർട്ട് III കെ എസ് ആർ റൂൾ 59(d) പ്രകാരവുമുള്ള അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960ലെ KCS(CC & A) Rule 17 പ്രകാരമുള്ള ജോയിന്റ് എൻക്വയറി നടത്തുന്നതിന് അഡീഷണൽ ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ (അക്കാദമിക്)-നെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

4. തുടർന്നു അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാദമിക്) പരാമർശം (7) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൻ പ്രകാരം ടിയാളുകൾക്കെതിരായ അച്ചടക്ക നടപടി തുടരാൻ തീരുമാനിക്കുകയും അതിൻ പ്രകാരം പി.ഡി ടീച്ചർമാരായിരുന്ന ശ്രീ.തങ്കച്ചൻ ജെ., ശ്രീ. മോഹനദാസ് എസ്., ശ്രീ.രാധാകൃഷ്ണൻ എസ്., ഹെഡ്മാസ്റ്റർ ശ്രീ.അബ്ദുൽ റസാഖ് എ. എന്നിവർക്കെതിരെ (സർവീസിൽ നിന്നും വിരമിച്ചവർ) ആരംഭിച്ച അച്ചടക്ക നടപടി റൂൾ 59(d) പാർട്ട് III കെ എസ് ആർ പ്രകാരം തുടരുന്നതിന്റെ ഭാഗമായി ടിയാളുകളുടെ പെൻഷനിൽ നിന്നും 300/- രൂപവീതം സ്ഥിരമായി കുറക്കാൻ താത്ക്കാലിക തീരുമാനമെടുത്തും, സർവീസിൽ തുടരുന്ന ശ്രീമതി പുഷ്പവല്ലി റ്റിഎം.ന്റെ (പ്രഥമാധ്യാപിക,പി പി റ്റി റ്റി ഐ & നഴ്സറി, ആലപ്പുഴ) ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടു താത്ക്കാലിക തീരുമാനമെടുത്തും പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

5. എന്നാൽ ശ്രീമതി പുഷ്പവല്ലി ടി.എം. 28/02/2024 ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പരാമർശം (10) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ആയത് പ്രത്യേകമായി പരിഗണിച്ച് തീർപ്പാക്കുന്നതാണ്.

6 . പി.ഡി ടീച്ചർമാരായിരുന്ന ശ്രീ.തങ്കച്ചൻ ജെ., മോഹനദാസ് എസ്., ശ്രീ.രാധാകൃഷ്ണൻ എസ്., ഹെഡ്മാസ്റ്റർ ശ്രീ.അബ്ദുൽ റസാഖ് എ. എന്നിവർ തങ്ങൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസുകൾക്ക് പരാമർശം (9) പ്രകാരം മറുപടികൾ ലഭ്യമാക്കിയതിനെത്തുടർന്നു 22/04/2025 ൽ മേൽ ഉദ്യോഗസ്ഥരെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ടി അവസരത്തിൽ ടിയാളുകൾ ഉന്നയിച്ച

വാദഗതികൾ ചുവടെ ചേർക്കുന്നു.

7. ശ്രീ.അബ്ദുൽ റസാഖ് എ.( മുൻ ഹെഡ്മാസ്ററർ) ഉന്നയിച്ച വാദഗതികൾ

i. ആരോപണ കാലയളവിൽ 10-06-2016 മുതൽ 13-09-2017 വരെ താൻ അമ്പലപ്പുഴ ഗവ: മോഡൽ എച്ച് എസ് എസ് ൽ പ്രധാനാദ്ധ്യാപകൻ ആയിരുന്നു. ഓരോ ക്ലാസിനും ചുമതലയുള്ള അധ്യാപകരാണ് ദൈനംദിന ക്ലാസ് ഹാജർ പട്ടികയും ഉച്ചഭക്ഷണ ഹാജർ പട്ടികയും തയ്യാറാക്കുന്നത്. അത് പരിശോധിച്ച് ഉറപ്പുവരുത്തുകയാണ് താൻ ചെയ്തിരുന്നത്. കൃത്രിമമായി നൂൺ ഫീഡിംഗ് അറ്റൻഡൻസ് രജിസ്റ്റർ തയ്യാറാക്കുകയോ അത്തരം കൃത്രിമത്തിന് വഴിയൊരുക്കുകയോ ചെയ്തിട്ടില്ല. ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ കൺസോളിഡേറ്റഡ് അറ്റൻഡൻസ് രജിസ്റ്ററിൽ ക്ലാസ്സ് അദ്ധ്യാപകർ തയ്യാറാക്കുന്ന ഉച്ചഭക്ഷണ ഹാജർ പട്ടികയിലെ ഹാജർ ക്രോഡീകരിച്ച് കൺസോളിഡേറ്റഡ് ഹാജർ പട്ടിക തയ്യാറാക്കുന്നത് പരിശോധിച്ച് ഒപ്പ് വയ്ക്കുക എന്നത് ഹെഡ്മാസ്റ്റർ എന്ന നിലയിൽ താൻ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

ii. താൻ പച്ചക്കറി, പലവ്യഞ്ജനം/പാൽ/മുട്ട എന്നിവ വാങ്ങിയതിന്റെ വ്യാജ ബില്ലുകളും വൌച്ചറുകളും തയ്യാറാക്കി അധികൃതർക്ക് സമർപ്പിക്കുകയോ സാമ്പത്തികനേട്ടം ഉണ്ടാക്കുകയോ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനു വേണ്ടി യാതൊരു കൃത്രിമവും കാണിച്ചിട്ടില്ല. കൃത്രിമത്തിനു കൂട്ടു നിന്നിട്ടുമില്ല.

iii. നിത്യേനയുള്ള നൂൺ ഫിഡിംഗിന്റെ യഥാർത്ഥ ചെലവ് കണക്ക് തന്നെയാണ് K2 രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. ഓരോ ദിവസവും യഥാർത്ഥത്തിൽ ഉച്ചഭക്ഷണം കഴിച്ച കുട്ടികളുടെ എണ്ണം കണക്കിലെടുത്താണ് കൺസോളിഡേറ്റഡ് അറ്റൻഡൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് K2 രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഉച്ചഭക്ഷണത്തിന് അനുവദിച്ച തുക ഒരിക്കലും വക മാറ്റി ചെലവഴിച്ചിട്ടില്ല എന്ന വസ്തുത ബോധ്യപ്പെടുത്തുന്നു.

iv. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാദമിക്) നടത്തിയ ഔപചാരിക അന്വേഷണത്തിൽ ഞാൻ നേരിട്ടു ഹാജരായി എന്റെ നിരപരാധിത്വം ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എനിക്കെതിരായ തുടർ നടപടികൾ ഒഴിവാക്കുന്നതിന് 05/12/2023 ലെ വിബി4/6505/2019/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട് മുഖേന ശിപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ ടി ശിപാർശ തള്ളിക്കളഞ്ഞുകൊണ്ടാണ് അച്ചടക്കനടപടി തുടരുന്നതിന് തീരുമാനിച്ചത്.

v. 10/06/2016 മുതൽ 13/09/2017 വരെയുള്ള കാലയളവിലെ ഉച്ചഭക്ഷണ

വിതരണവുമായി ബന്ധപ്പെട്ട് എനിക്ക് **29572/-** രൂപ ബാദ്ധ്യത നിശ്ചയിക്കുകയും പ്രസ്തുത തുക എന്റെ ഡി.സി.ആർ.ജി. യിൽ നിന്ന് വസൂലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ആയത് നിലനിർത്തുക മാത്രമാണ് **05/12/2023** ലെ വിബി**4/6505/2019**/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട് മുഖേന ശിപാർശ ചെയ്തിരുന്നത്. സർക്കാരിനുണ്ടായ സാമ്പത്തിക ബാദ്ധ്യത ഡി സി ആർ ജി യിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിനാലും ഞാൻ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുളതിനാലും മറ്റു നടപടികൾ ഒഴിവാക്കുന്നതിന് ടി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. എന്നിട്ടും എനിക്കെതിരായ അച്ചടക്കനടപടി തുടരുന്നത് സ്വാഭാവിക നീതിയുടെ നിഷേധമാണ്.

**vi.** എനിക്കെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ/വിഴ്ചുകൾ ഒന്നും തന്നെ ഔപചാരിക അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ലെന്നു മാത്രമല്ല എനിക്കെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കുന്നതിന് ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുമുണ്ടെന്നിരിക്കെ **Major Penalty** ആയ പ്രതിമാസ പെൻഷനിൽ നിന്നും **300** രൂപ വിതം സ്ഥിരമായി കുറവുചെയ്യാനുള്ള സർക്കാരിന്റെ തീരുമാനം, അന്വേഷണ റിപ്പോർട്ട് തള്ളിക്കളഞ്ഞതിന്റെ കാരണം പോലും വ്യക്തമാക്കാതെ ശിക്ഷ തിരുമാനിച്ചത് തികച്ചും അന്യായമാണ്.

**vii.** കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം **111** ന്റെ പരിധിയിൽ ഉൾപ്പെട്ട് സർവ്വീസിൽ നിന്നും വിരമിച്ചവർക്കെതിരെ അച്ചടക്കനടപടിക്ക് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുന്ന **04/07/2022** ലെ സ. ഉ. (അച്ചടി) നം **82/2022**/ധന നമ്പർ ഉത്തരവ് പ്രകാരവും കെ എസ് ആർ ചട്ടങ്ങൾ ഭാഗം **3(a)-iv** പ്രകാരവും ജീവനക്കാരൻ വിരമിച്ച് ഒരു വർഷത്തിനുള്ളിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി പൂർത്തിയാക്കേണ്ടതാണ്. **31/05/2021** ന് സർവ്വിസിൽ നിന്ന് വിരമിച്ച എനിക്കെതിരെ മൂന്നു വർഷം എട്ടു മാസം കഴിഞ്ഞിട്ടും അച്ചടക്കനടപടി തുടരുന്നത് ടി ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ അച്ചടക്കനടപടി ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**8.** ശ്രീ.തങ്കച്ചൻ ജെ., പിഡി ടീച്ചർ( നൂൺഫീഡിങ്ങിന്റെ ചാർജ്ജ്) ഉന്നയിച്ച വാദഗതികൾ

**i.** ഞാൻ അമ്പലപ്പുഴ ഗവ: മോഡൽ എച്ച് എസ് എസ് ൽ പി ഡി ടീച്ചർ തസ്തികയിൽ ജോലി ചെയ്തുവരവേ **23/07/2014** മുതൽ **07/06/2016** വരെയുള്ള കാലയളവിൽ സ്കൂളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ നടത്തിപ്പിൽ എന്റെ ഭാഗത്തുനിന്ന് കുറ്റങ്ങൾ/വീഴ്ചകൾ ഉണ്ടായതായും തൽഫലമായി സർക്കാരിന് നഷ്ടം ഉണ്ടായതായും സർക്കാർ വിജിലൻസ് മുഖേന നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി എനിക്കെതിരെയുള്ള കാരണം

കാണിക്കൽ നോട്ടീസിൽ ആരോപിക്കുന്നു. എന്നാൽ സ്കൂളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ നടത്തിപ്പിൽ എന്റെ ഭാഗത്തുനിന്ന് യാതൊരു വിഴ്ച്ചകളും ഉണ്ടായിട്ടില്ല.

**ii.** ആരോപണ കാലയളവിൽ **02/06/2014** മുതൽ **25/07/2014** വരെ ഞാൻ ഉച്ചഭക്ഷണ വിതരണത്തിന്റെ താൽക്കാലിക ചുമതല വഹിച്ചിരുന്നു. ഓരോ ക്ലാസിനും ചുമതലയുള്ള അധ്യാപകരാണ് ദൈനംദിന ക്ലാസ് ഹാജർ പട്ടികയും ഉച്ചഭക്ഷണ ഹാജർ പട്ടികയും തയ്യാറാക്കുന്നത്. എനിക്ക് ചുമതലയുണ്ടായിരുന്ന ക്ലാസ്സിലെ ദൈനംദിന ക്ലാസ് ഹാജർ പട്ടികയും ഉച്ചഭക്ഷണ ഹാജർ പട്ടികയും മാത്രമാണ് ഞാൻ തയ്യാറാക്കിയിരുന്നത്. കൃത്രിമമായി നൂൺ ഫീഡിംഗ് അറ്റൻഡൻസ് രജിസ്റ്റർ തയ്യാറാക്കുകയോ അത്തരം കൃത്രിമത്തിന് വഴിയൊരുക്കുകയോ ചെയ്തിട്ടില്ല. ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ കൺസോളിഡേറ്റഡ് അറ്റൻഡൻസ് രജിസ്റ്ററിൽ ക്ലാസ്സ് അദ്ധ്യാപകർ തയ്യാറാക്കുന്ന ഉച്ചഭക്ഷണ ഹാജർ പട്ടികയിലെ ഹാജർ ക്രോഡീകരിച്ച് ഓരോ ദിവസവും ഉപയോഗിക്കേണ്ട അരിയുടെ അളവ് കണക്കാക്കി പാചകക്കാരന് വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നതായിരുന്നു എന്റെ ചുമതല. അത് ഞാൻ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

**iii.** ഞാൻ പച്ചക്കറി, പലവ്യഞ്ജനം/പാൽ/മുട്ട എന്നിവ വാങ്ങിയതിന്റെ വ്യാജ ബില്ലുകളും വൗച്ചറുകളും തയ്യാറാക്കി അധികൃതർക്ക് സമർപ്പിക്കുകയോ സാമ്പത്തികനേട്ടം ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. സാമ്പത്തിക ഇടപാടിന്റെ ഉത്തരവാദിത്തം എന്നിൽ നിക്ഷിപ്തമായിരുന്നില്ല. ഞാൻ ഒരുതരത്തിലും ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട സാമ്പത്തികം കൈപ്പറ്റിയിട്ടില്ല. സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനു വേണ്ടി യാതൊരു കൃത്രിമവും കാണിക്കുകയോ കൃത്രിമത്തിനു കൂട്ടു നില്ക്കുകയോ ചെയ്തിട്ടില്ല.

**iv.** നിത്യേനയുള്ള നൂൺ ഫീഡിംഗിന്റെ യഥാർത്ഥ ചെലവ് കണക്ക് തന്നെയാണ് **K2** രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. ഓരോ ദിവസവും യഥാർത്ഥത്തിൽ ഉച്ചഭക്ഷണം കഴിച്ച കുട്ടികളുടെ എണ്ണം കണക്കിലെടുത്താണ് കൺസോളിഡേറ്റഡ് അറ്റൻഡൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് **K2** രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഉച്ചഭക്ഷണത്തിന് അനുവദിച്ച തുക ഒരിക്കലും ഞാൻ കൈപ്പറ്റിയിട്ടില്ല, ഉച്ചഭക്ഷണത്തിന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുമില്ല.

**v.** അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാദമിക്) നടത്തിയ ഔപചാരിക അന്വേഷണത്തിൽ എന്റെ നിരപരാധിത്വം ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എനിക്കെതിരായ തുടർ നടപടികൾ ഒഴിവാക്കുന്നതിന് **05/12/2023** ലെ വിബി4/**6505/2019**/ഡി.ജി.ഇ.

നമ്പർ റിപ്പോർട്ട് മുഖേന ശിപാർശ ചെയ്തിരുന്നു.എന്നാൽ സർക്കാർ ടി ശിപാർശ തള്ളിക്കളഞ്ഞുകൊണ്ട് എനിക്കെതിരായ അച്ചടക്കനടപടി തുടരുന്നതിന് തീരുമാനിച്ച് കെ. എസ്. ആർ. പാർട്ട് III റൂൾ 59(ഡി) പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായി എന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300 രൂപ വിതം സ്ഥിരമായി കുറവുചെയ്യാനുള്ള ശിക്ഷ കൈക്കൊള്ളുന്നതിനായി സർക്കാർ താൽക്കാലിക തിരുമാനമെടുത്തു.

vi. 02/06/2014 മുതൽ 25-07-2014 വരെ കേവലം നാൽപതു ദിവസം ഞാൻ ഉച്ചഭക്ഷണ വിതരണത്തിന്റെ താൽക്കാലിക ചുമതല വഹിച്ചിരുന്നു. ടി കാലയളവിൽ സ്കൂൾ ഹെഡ്മിസ്ട്രസ്സിന്റെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീമതി റാണിക്കുട്ടി സേവ്യർ നെ ഈ കേസിൽ ഉൾപ്പെടുത്താതെ ഉച്ചഭക്ഷണത്തിന്റെ താൽക്കാലിക ചുമതല വഹിച്ച എന്നെ പ്രതിയാക്കിയത് എന്തു കാരണം കൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഉച്ചഭക്ഷണ ചാർജ്ജുള്ള അദ്ധ്യാപകരെ സംബന്ധിച്ച് പരോക്ഷമായ ഉത്തരവാദിത്തം വരുമെങ്കിലും സാമ്പത്തിക ക്രയവിക്രയം നടത്തുന്നത് പ്രധാനാദ്ധ്യാപകരാണ്. എനിക്കെതിരെ ഉന്നയിച്ചിട്ടുള്ള മൂന്ന് കുറ്റങ്ങളും/വീഴ്ചുകളും ഒരു അദ്ധ്യാപകനെന്ന നിലയിൽ എന്റെ ഉത്തരവാദിത്വത്തിൽ പെടുന്നവയല്ല. ഞാൻ ഉച്ചഭക്ഷണ വിതരണത്തിലെ സാമ്പത്തിക ക്രയവിക്രയം നടത്തുവാൻ ചുമതലപ്പെട്ടയാളല്ല, അത്തരം സാമ്പത്തികക്രയവിക്രയം ഒന്നും തന്നെ ഞാൻ നടത്തിയിട്ടുമില്ല. 31/03/2023 ന് സർവ്വീസിൽ നിന്ന് വിരമിച്ച എനിക്കെതിരെ രണ്ടു വർഷം കഴിഞ്ഞിട്ടും അച്ചടക്കനടപടി തുടരുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ അച്ചടക്കനടപടി ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

9. ശ്രീ.രാധാകൃഷ്ണൻ എസ്., (മുൻ പി ഡി ടീച്ചർ) ഉന്നയിച്ച വാദഗതികൾ

സമാന വാദങ്ങൾ തന്നെയാണ് ശ്രീ രാധാകൃഷ്ണനും ഉന്നയിച്ചത്. 31/05/2022 ന് സർവ്വീസിൽ നിന്ന് വിരമിച്ച തനിക്കെതിരെ രണ്ടു വർഷവും പത്തുമാസവും കഴിഞ്ഞിട്ടും അച്ചടക്കനടപടി തുടരുന്നത് ചട്ടങ്ങൾക്ക് എതിരായതിനാൽ അച്ചടക്കനടപടി ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിക്കുന്നു.

10. ശ്രീ.മോഹൻദാസൻ എസ്. (പിഡി ടീച്ചർ-നൂൺഫീഡിങ്ങിന്റെ ചാർജ്ജ്) ഉന്നയിച്ച വാദഗതികൾ

ആരോപണ കാലയളവിൽ 01-06-2016 മുതൽ 31-03-2017 വരെ ഉച്ചഭക്ഷണ വിതരണത്തിന്റെ താൽക്കാലിക ചുമതല വഹിച്ചിരുന്ന ടിയാനും സമാന വാദങ്ങൾ തന്നെയാണ് ഉന്നയിച്ചത്. 31/03/2017 ന് സർവ്വീസിൽ നിന്ന് വിരമിച്ച തനിക്കെതിരെ അച്ചടക്കനടപടിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയത് 22/11/2022 ന് മാത്രമാണ്. അതായത് ഞാൻ സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ച് അഞ്ചു വർഷവും 8 മാസവും കഴിഞ്ഞതിനുശേഷമാണ്

അച്ചടക്കനടപടി ആരംഭിച്ചിരിക്കുന്നത്. ഇത് സാമാന്യനീതിയുടെ നിഷേധമാണ്. ബഹു: സുപ്രീം കോടതി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ vs നവീൻകുമാർ സിൻഹ കേസിൻ്റെ സിവിൽ അപ്പീൽ നമ്പർ 1279/2024 ൽ 19/11/2024ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഇപ്രകാരം പറയുന്നു; "**No disciplinary proceedings can be initiated after the delinquent employee or officer retires from service on attaining the age of superannuation or after the extended period of service.**" ബഹു: സുപ്രീം കോടതി ഉത്തരവിൻ്റെ പശ്ചാത്തലത്തിൽ അച്ചടക്കനടപടി ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിക്കുന്നു.

11. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി

i) അമ്പലപ്പുഴ ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലെ 2014-15, 2015-19, 2015-17 അധ്യയന വർഷങ്ങളിലെ ഉച്ചഭക്ഷണ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്നും അന്വേഷണം നടത്തിയതിൽ, ടി വർഷങ്ങളിൽ ടി സ്കൂളിൽ അഞ്ഞൂറിനടുത്തു കുട്ടികൾ ഉച്ച ഭക്ഷണത്തിന്റെ ഗുണഭോക്താക്കളായിട്ടുണ്ടായിരുന്നെങ്കിലും, ഗുണഭോക്താക്കളായ കുട്ടികളുടെ യഥാർത്ഥത്തിലുള്ള എണ്ണത്തേക്കാൾ അധികരിച്ചു ഫീഡിംഗ് സ്ട്രെങ്ത് കാണിക്കുകയും, ആയതിന് ആനുപാതികമായി സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളും വൗച്ചറുകളും കൃത്രിമമായി ഉണ്ടാക്കി മേലധികാരികൾക്കു സമർപ്പിച്ചു സർക്കാർ നൽകുന്ന പണം ദുർവിനിയോഗം ചെയ്യുന്നതായി കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു.

ii) ആയതിനെ തുടർന്ന് ഉത്തരവാദികളായ മുൻ പ്രഥമാധ്യാപകരായ ശ്രീമതി പുഷ്പവല്ലി, ശ്രീ. അബ്ദുൽ റസാഖ് എ, എന്നിവരിൽ നഷ്ട ഉത്തരവാദിത്തം നിശ്ചയിച്ചു കണ്ടിജൻസി ചാർജ് ഇനത്തിൽ നൽകിയ അധിക തുക ഈടാക്കുവാൻ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

iii) ആയതിനെ തുടർന്ന്, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ നൂൺ ഫീഡിംഗ് സൂപ്പർവൈസർ, ടി കാലയളവിലെ നൂൺ മിൽ സംബന്ധമായ രേഖകൾ പരിശോധിക്കുകയും, 2014 മുതൽ 2017 വരെയുള്ള കാലയളവിൽ ടി സ്കൂളിന് അമ്പലപ്പുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച കണ്ടിജൻസി/കുക്ക് സാലറി ഇനങ്ങളിലെ തുകയുടെയും നൂൺ മീൽ പാസ്സ് ബുക്കിലൂടെ പിൻവലിച്ച തുകയുടെയും വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ 23/07/2014 മുതൽ 08/05/2016 വരെ പ്രഥമാധ്യാപികയായിരുന്ന ശ്രീമതി പുഷ്പവല്ലിയ്ക്ക് 2014-15 അധ്യയന വർഷം ടിയാൾ അധികമായി പിൻവലിച്ച തുകയായ 10,398/- രൂപയും, വിജിലൻസ് റിപ്പോർട്ട് പ്രകാരം ഹാജർ ബുക്കുകളുടെയും

അംഗീകൃത ഫീഡിംഗ് സ്ട്രെഗ്തിന്റെയും താരതമ്യ പരിശോധനയിൽ കണ്ടെത്തിയ ബാധ്യതയായ **34,784/-** രൂപയും ചേർത്ത്, **45,182/-**രൂപയും, **10/06/2016** മുതൽ **31/03/2017** വരെ പ്രഥമാധ്യാപകനായിരുന്ന ശ്രീ. അബ്ദുൽ റസാഖിന് **2016-17** വർഷം പിൻവലിച്ച തുക **29,572**-രൂപയും ബാധ്യത കണക്കാക്കി ആലപ്പുഴ ഡി.ഡി.ഇ അന്തിമ ബാധ്യത നിശ്ചയിച്ചു ഉത്തരവ് നൽകിയിരുന്നു.

**iv)** എന്നാൽ ടി കാലയളവിൽ ഉച്ചഭക്ഷണ പദ്ധതി ചാർജുണ്ടായിരുന്നതും ആരോപണ വിധേയരായതുമായ ശ്രീ. തങ്കച്ചൻ ജെ, ശ്രീ. രാധാകൃഷ്ണൻ എസ്., ശ്രീ. മോഹനദാസൻ എന്നീ അധ്യാപകരുടെ ബാധ്യത നിശ്ചയിക്കുന്നതിനായി ടി സ്കൂളിന് **2014-15** മുതൽ **2016-17** വരെയുള്ള കാലയളവിൽ കണ്ടിജൻസി അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനായി ആവശ്യപ്പെട്ടപ്പോൾ ടി കാലയളവിലെ കുട്ടികളുടെ ഹാജർ സംബന്ധിച്ച പല രേഖകളും അന്നത്തെ പ്രഥമാധ്യാപകൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിജിലൻസ് വകുപ്പ് കണ്ടെത്തിയ വസ്തുതകൾ പ്രകാരവും കുറ്റാരോപിതരുടെ മൊഴികളിൽ നിന്നും നൂൺ ഫീഡിംഗ് അറ്റൻഡൻസ് കൃത്രിമമായി തയ്യാറാക്കിയതാണെന്ന് വളരെ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

**v)** കൂടാതെ പി.ടി.എ ഫണ്ട് പിരിക്കാൻ പാടില്ല എന്ന കർശന നിർദ്ദേശമുള്ളതു കൊണ്ട് ഉച്ചഭക്ഷണ പദ്ധതിയുടെ മിച്ചം വരുന്ന പണം സ്കൂളിലെ അപ്രതീക്ഷിത ചിലവുകൾക്ക് ഉപയോഗിക്കാറുണ്ടെന്ന് കറ്റാരോപിതരുടെ മൊഴിയിൽ (വിജിലൻസ് റിപ്പോർട്ട്) പറയുന്നുണ്ട്. ആയതിനാൽ ഇപ്രകാരം കൃത്രിമമായി നിർമ്മിച്ചെടുത്ത നൂൺഫിഡിംഗ് അറ്റൻഡൻസ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എക്സ്സ് ഡ്രോൺ കണ്ടിജൻസി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലും യഥാർത്ഥ റെക്കോർഡുകളുടെ അഭാവം കൊണ്ടും ടി അധ്യാപകർക്ക് നിശ്ചയിച്ച ബാധ്യത പൂർണ്ണമായി ശരിയാണെന്ന് കരുതാൻ കഴിയില്ല.

**vi)** കൂടാതെ പദ്ധതി ക്രമക്കേടുകൾ സംബന്ധിച്ച ബാധ്യതകൾ കണ്ടെത്തുന്നതിന് ഹാജർ താരതമ്യ വിശകലനം ഉചിതമായ നടപടിയാകുന്നില്ല എന്നതിനാലും ടി വിഷയത്തിൽ ഹാജർ പുസ്തക പരിശോധന പ്രകാരം ടി അധ്യാപകരുടെ നഷ്ട ഉത്തരവാദിത്വം സത്യസന്ധമായി നിശ്ചയിക്കുവാൻ സാധിക്കുന്നില്ല എന്നുള്ള വസ്തുത അറിയിക്കുന്നതോടൊപ്പം സർക്കാർ തലത്തിൽ ഉചിത തീരുമാനം കൈക്കൊണ്ട് പദ്ധതി അട്ടിമറി നടത്തിയ അധ്യാപകർക്കെതിരെ നിലവിലെ നിയമപ്രകാരം ശിക്ഷാ നടപടി കൈക്കൊള്ളണമെന്നും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു. ടി വിഷയത്തിൽ **27/02/2023** ലെ സ.ഉ. (സാധാ) നം. **1600/2023**/പൊ.വി.വ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ആയിരുന്ന ശ്രീ.

ഷൈൻമോൻ എം.കെ എൻക്വയറി നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

**12.** ഈ വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാദഗതികൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, ഔപചാരിക അന്വഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ,അച്ചടക്ക നടപടി സംബന്ധിച്ചു നിലവിലുള്ള ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

**13.** ഉച്ചഭക്ഷണ ചിലവ് കണക്കുകളിൽ വന്നിട്ടുള്ള ക്രമക്കേടുകൾ മുൻനിർത്തി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കി ബന്ധപ്പെട്ട പ്രധാനാധ്യാപകരുടെ കൈയ്യിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും ഉച്ചഭക്ഷണ ചാർജ്ജുള്ള അധ്യാപകരെ സംബന്ധിച്ച് പരോക്ഷമായ ഉത്തരവാദിത്തം വരുമെങ്കിലും സാമ്പത്തിക ക്രയവിക്രയം നടത്തുന്നത് പ്രധാനാധ്യാപകരാണ് എന്നതിനാലും പ്രസ്തുത അധ്യാപകൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും ടിയാളുകൾക്കെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളതാണ്.

**14.** അതത് ക്ലാസ് അദ്ധ്യാപകർ തയ്യാറാക്കുന്ന ഉച്ചഭക്ഷണ ഹാജർ പട്ടികയിലെ ഹാജർ ക്രോഡീകരിച്ച് ഓരോ ദിവസവും ഉപയോഗിക്കേണ്ട അരിയുടെ അളവ് കണക്കാക്കി പാചകക്കാരന് വേണ്ട നിർദ്ദേശങ്ങൾ നൽകുയാണ് തങ്ങൾ ചെയ്തിട്ടുള്ളതെന്നും വ്യാജ ബില്ലുകളും വൗച്ചറുകളും കൃത്രിമമായി തയ്യാറാക്കി സമർപ്പിക്കുകയോ സാമ്പത്തികനേട്ടം ഉണ്ടാക്കുകയോ ചെയ്തിട്ടില്ല എന്നും ശ്രീ.തങ്കച്ചൻ ജെ., മോഹനദാസ് എസ്., ശ്രീ.രാധാകൃഷ്ണൻ എസ് എന്നീ അദ്ധ്യാപകർ ബോധിപ്പിച്ചു. കൺസോളിഡേറ്റഡ് ഹാജർ പട്ടിക തയ്യാറാക്കുന്നത് പരിശോധിച്ച് ഒപ്പ് വയ്ക്കുക എന്നത് ഹെഡ്മാസ്റ്റർ എന്ന നിലയിൽ താൻ കൃത്യമായി നിർവ്വഹിച്ചിട്ടുള്ളതെന്ന് പ്രധാനാധ്യാപകൻ ശ്രീ.അബ്ദുൽ റസാഖ് എ അറിയിച്ചു. ഓരോ ദിവസവും യഥാർത്ഥത്തിൽ ഉച്ചഭക്ഷണം കഴിച്ച കുട്ടികളുടെ എണ്ണം കണക്കിലെടുത്താണ് കൺസോളിഡേറ്റഡ് അറ്റൻഡൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതെന്നും, അതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് **K2** രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതെന്നും, ഉച്ചഭക്ഷണത്തിന് അനുവദിച്ച തുക ഒരിക്കലും വക മാറ്റി ചെലവഴിച്ചിട്ടില്ല എന്നും ടിയാളുകൾ ബോധിപ്പിച്ചു.

**15. 4** മുതൽ **8** വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് നൂൺമീൽ പദ്ധതി പ്രകാരം ഭക്ഷണം അനുവദിക്കുന്നതെങ്കിലും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുമുൾപ്പടെയുള്ള ഉയർന്ന ക്ലാസുകളിലെയും ചില പാവപ്പെട്ട കുട്ടികൾക്കും ഭക്ഷണം നൽകിയിരുന്നുവെന്നും, എന്നാൽ അവരുടെ എണ്ണം നൂൺ ഫീഡിംഗ് സ്ട്രെങ്ത്തിൽ ഉൾപ്പെടുത്തുവാൻ

സാധിക്കുമായിരുന്നില്ലെന്നും, നൂൺമീൽ പദ്ധതിയിൽ തങ്ങൾ യാതൊരു ക്രമക്കേടുകളും നടത്തിയിട്ടില്ലെന്നും, തങ്ങൾ നിരപരാധികളാണെന്നും, ഇത്തരം അന്യായ നടപടികൾ ഭയന്നാണ് പലരും നൂൺ ഫീഡിംഗിന്റെ ചാർജ്ജ് എടുക്കുവാൻ തയ്യാറാകാത്തതെന്നും അവർ ഹിയറിംഗ് വേളയിൽ അറിയിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും അക്കാര്യം ശരിവെച്ചിട്ടുണ്ട്.

**16.** മേൽ കാരണങ്ങളാലും, **2014** മുതൽ **2017** വരെയുള്ള കാലയളവിലെ വിഷയമായതിനാലും, അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും ടിയാളുകളെല്ലാം സർവ്വീസിൽ നിന്നും വിരമിച്ച് വളരെയധികം വർഷങ്ങൾ ആയിട്ടുള്ളതിനാലും, അധികമായി കൈപ്പറ്റിയതായി വിജിലൻസ് ആരോപിച്ച തുക പ്രധാനാദ്ധ്യാപകരിൽ നിന്നും ഈടാക്കിയിട്ടുള്ള സാഹചര്യത്തിലും ടിയാളുകളുടെ പെൻഷനിൽ നിന്നും **300/-** രൂപ വീതം സ്ഥിരമായി കുറവു ചെയ്യുന്നത് കടുത്ത ശിക്ഷ ആയതിനാലും, മാനുഷിക പരിഗണന നൽകി പി.ഡി ടീച്ചർമാരായ ശ്രീ.തങ്കച്ചൻ ജെ., മോഹനദാസ് എസ്., ശ്രീ.രാധാകൃഷ്ണൻ എസ്., പ്രധാനാധ്യാപകൻ ശ്രീ.അബ്ദുൽ റസാഖ് എ. എന്നിവർക്കെതിരെ പാർട്ട് **III** കെ എസ് ആർ റൂൾ **59(d)** പ്രകാരം ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും **300/-** രൂപവീതം സ്ഥിരമായി കുറവു ചെയ്യുവാൻ കൈക്കൊണ്ട താൽക്കാലിക തീരുമാനം ഇളവ് ചെയ്ത് തുടർ നടപടികൾ അവസാനിപ്പിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.തങ്കച്ചൻ ജെ., മുൻ പി.ഡി ടീച്ചർ, അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്. എസ്. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീ.മോഹനദാസ് എസ്., മുൻ പി.ഡി ടീച്ചർ, അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്. എസ്. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീ.രാധാകൃഷ്ണൻ എസ്., മുൻ പി.ഡി ടീച്ചർ, അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്. എസ്. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീ.അബ്ദുൽ റസാഖ് എ., മുൻ ഹെഡ് മാസ്റ്റർ, അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്. എസ്. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് (ബി) വകുപ്പ് (**31/03/2026** ലെ **ViG- B2/1001/2018- VIG** നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം )

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (GE-DA1/87/2023-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 18-06-2026 14:42:44
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. ക്ക്